അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതി

41(2079) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന സൗരോർജ്ജ പദ്ധതികളിൽ ഏതിലെങ്കിലും സൂരാന വേഞ്ചേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം പങ്കാളിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എപ്പോഴെല്ലാം ഏതെല്ലാം പദ്ധതികളിലാണ് പങ്കാളിയായത്;

(സി) ടെണ്ടർ മുഖേനയാണോ ഈ സ്ഥാപനത്തെ ഇതിനായി തെരഞ്ഞെടുത്തതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നടപ്പാക്കിയ പദ്ധതികളുടെ പേരിൽ ഈ സ്ഥാപനത്തിന് ഇതുവരെ എത്ര രൂപയാണ് നൽകാനുള്ളത്; അതിൽ എത്ര രൂപ ഇതുവരെ നൽകിയിട്ടുണ്ട്; ഓരോ പ്രാവശ്യവും നൽകിയ തുകയും തീയതിയും വ്യക്തമാക്കുമോ;

(ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പാക്കുന്നതിന് ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എംപാനൽ ചെയ്യപ്പെട്ടിരുന്നു.

(ബി) 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിലാണ് എംപാനൽ ചെയ്തിരിക്കുന്നത്.

(സി) അനെർട്ട് 2012-13 കാലയളവിൽ ആരംഭിച്ച 10000 സൗരഗൃഹ പദ്ധതിയിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ചാനൽ പാർട്ണർമാരിൽ നിന്ന് മാത്രമായി Expression of Interest ക്ഷണിക്കുകയും ഇതിൽ യോഗ്യത നേടിയതിനെ തുടർന്ന് സൂരാന വേഞ്ചേഴ്സ് എന്ന സ്ഥാപനവും ഈ പദ്ധതിയിൽ ഉൾപ്പെട്ടിരുന്നത്.

(ഡി) സംസ്ഥാനത്താകെ നടപ്പിലാക്കിയ മേൽപ്പറഞ്ഞ പദ്ധതിയിൽ സൂരാന വേഞ്ചേഴ്സ് എന്ന സ്ഥാപനം പ്രതിഷ്ഠാപനം ഒന്നും നടത്തിയിട്ടില്ല. ആയതിനാൽ ഇതുവരെ യാതൊരു തുകയും പ്രസ്തുത ഏജൻസിക്ക് നൽകിയിട്ടില്ല. ടി ഏജൻസിയുടെ എംപാനൽമെന്റിനെ തുടർന്ന് കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ അംഗീകൃത ലിസ്റ്റിൽ നിന്നും സൂരാന വേഞ്ചേഴ്സ് പുറത്തായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഏജൻസിയെ അനെർട്ടിന്റെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിരുന്നു.

(ഇ) ഈ സ്ഥാപനം സംസ്ഥാനത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫ്രാഞ്ചൈസികളെ ചുമതലപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly